നം പി.3/28540/2015/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,
തീയതി : 04.03.2016

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് – പ്ലാൻ ഫണ്ട് 2015-16 പ്രിൻസിപ്പാൾമാരുടെ മീറ്റിംഗ് – സംബന്ധിച്ച് –

2015-16 സാമ്പത്തിക വർഷത്തെ വിവിധ ശീർഷകങ്ങളിലുള്ള പ്ലാൻ ഫണ്ട് വിനിയോഗം സംബന്ധിച്ച് എല്ലാ ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാൾമാരുടെയും ഒരു മീറ്റിംഗ് 19.03.2016, ശനിയാഴ്ച രാവിലെ 10 -ന് തിരുവനന്തപുരം, ശ്രീകാര്യം, ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസിൽ വച്ച് നടക്കുന്നു. പ്രസ്തുത മീറ്റിംഗിൽ എല്ലാ പ്രിൻസിപ്പാൾമാരും നിർബന്ധമായും പങ്കെടുക്കേണ്ടതും ഇതുവരെയുള്ള പ്ലാൻ ഫണ്ട് വിനിയോഗം സംബന്ധിച്ച് നിശ്ചിത പ്രൊഫോർമയിൽ തയ്യാറാക്കിയ expenditure statement ഉം ഏതെങ്കിലും ശീർഷകത്തിൽ ചെലവാക്കാത്ത തുകയുണ്ടെങ്കിൽ ആയത് സറണ്ടർ ചെയ്തുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും തയ്യാറാക്കി കൊണ്ടുവരേണ്ടതുമാണ്. ഒരു കാരണവശാലും പ്രിൻസിപ്പാൾമാർ, പകരക്കാരെ അയയ്ക്കുന്നത് അനുവദിക്കുന്നതല്ല. പ്ലാൻ റിവ്യൂ മീറ്റിംഗിനുശേഷം plan perspective / plan formulation സംബന്ധിച്ച ഒരു ട്രെയിനിംഗ് പ്രോഗ്രാം രാത്രി 8 മണി വരെ ഉണ്ടായിരിക്കുന്നതാണ്. ആയതിന് താമസസൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ആയത് ആവശ്യമുള്ളവർ മുൻകൂട്ടി അവരുടെ വിവരങ്ങൾ planningdce@gmail.com എന്ന അഡ്രസ്സിൽ ഉടനെ മെയിൽ ചെയ്തു തരേണ്ടതുമാണ്. കൂടാതെ expenditure statement ടി അഡ്രസ്സിൽ മെയിൽ ചെയ്തു തരേണ്ടതാണ്. ഹോസ്റ്റലുകളിൽ നിന്നുള്ള expenditure statement, surrender statement എന്നിവ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ കൊണ്ടു വരേണ്ടതുമാണ്.. ടി മീറ്റിംഗിൽ ഹോസ്റ്റൽ വാർഡന്മാർ പങ്കെടുക്കേണ്ടതില്ല.

ഒപ്പ്,
ഡോ.തോമസ് കുരുവിള,
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ.

പകർപ്പ്

1. എല്ലാ പ്രിൻസിപ്പാൾമാരുടെയും അറിവിലേയ്ക്ക്.
2. സിസ്റ്റം മാനേജർ,
   (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

എസ്.വി..04.03.2016